"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (കുഫോസ്) -ശമ്പളം, ടിഎ, മറ്റ് ആകസ്മിക ചെലവുകൾ 2026-27 - 2026 മെയ് മാസത്തെ ഗഡു-റിലീസ് ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2026/F&P തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.279/2026/F&P തീയതി 25-04-2026

2. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല രജിസ്ട്രാറുടെ 08.05.2026 തീയതിയിലെ ഫിൻ.4/3921/2026 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഫിഷറിസ് സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം "2405-00-188-99-31(NP)-Grant in Aid-General- Salary" ശീർഷകത്തിൽ വകയിരുത്തിയ 1852.96 ലക്ഷം രൂപയിൽ നിന്നും ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 2026 ഏപ്രിൽ മാസത്തെ ഗഡുവായി 154.41333 ലക്ഷം രൂപ പരാമർശം ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. 2026 മെയ് മാസത്തെ ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 154.41333 ലക്ഷം രൂപ അനുവദിക്കണമെന്ന് പരമാർശം കത്ത് പ്രകാരം കുഫോസ് രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം"2405-00-188-99-31(NP)"ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 18.5296 കോടി രൂപയിൽ നിന്നും 2026 മെയ് മാസത്തെ ശമ്പളം, പെൻഷൻ, വേതനം എന്നിവ വിതരണം ചെയ്യുന്നതിന് സഹായധനമായി **1.544133 കോടി രൂപ (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി നാല്പത്തൊന്നായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം)** സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഫണ്ട് റിലീസ് വ്യവസ്ഥകൾ**

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവാൻ

പാടുള്ളൂ. യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കാൻ പാടില്ല.

3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും (As per GO(Ms) No.4/2020-Fin dated 09/01/2020)അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. 09/12/2008 തീയതിയിലെ സർക്കുലർ നം.84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 30/01/2018 തീയതിയിലെ സർക്കുലർ നം.08/2018/ധന, 04.01.2021തീയതിയിലെ സർക്കുലർ നം. 01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

രജിസ്ട്രാർ,കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല,പനങ്ങാട്,കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആൻഡ് ഇ),കേരളം,തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ,എറണാകുളം.
അഡീഷണൽ സബ് ട്രഷറി ഓഫീസർ,എറണാകുളം.
ധനകാര്യ വകുപ്പ്(3114767/PU-ബി1/39/2025-ഫിൻ തീയതി 29.05.2026)
ഡയറക്ടർ,വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Biju. K
Date: 30-05-2026 14:33:25
സെക്ഷൻ ഓഫീസർ